# <u>പി.ആർ.എം മിനുട്ട്സ് (15.03.2018)</u>

പാലക്കാട് കുടുംബശ്രീ സി.ഡി.എസ്സ് ചെയർപേഴ്സൻ, അക്കൗണ്ടന്റ്, മെമ്പർ സെക്രട്ടറിമാരുടെ പി.ആർ.എം ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ ശ്രീ.പി. സെയ്തലവിയുടെ അദ്ധ്യക്ഷതയിൽ 15.03.2018 ന് കാലത്ത് 10 മണി മുതൽ ഹോട്ടൽ ഗസാലയിൽ വച്ച് നടന്നു. യോഗത്തിൽ ആകെ 226 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു. യോഗത്തിൽ എ.ഡി.എം.സി. ശ്രീ.എസ്.വി.പ്രേംദാസ് സ്വാഗതം ആശംസിച്ചു. പുതിയതായി നിയമിച്ച ബ്ലോക്ക് കോഓർഡിനേറ്റർമാരെ ഡി.എം.സി എല്ലാവർക്കും പരിചയപ്പെടുത്തി.

പ്രധാനമായും സരസ് മേള, പ്ലാൻ പ്രൊജക്റ്റ് എന്നിവയുടെ ഗൗരവം മനസ്സിലാക്കി അടിയന്തരമായി നടപ്പിലാക്കണമെന്ന് ഓർമ്മിപ്പിച്ച് ഡി.എം.സി യോഗം ആരംഭിച്ചു. സരസ് മേളയുമായി ബന്ധപ്പെട്ട് എല്ലാ സ്ഥലങ്ങളിലും പ്രചരണാർത്ഥം ബാനർ പ്രദർശിപ്പിക്കുക, വാഹന പ്രചാരണ ജാഥ, വർണശഭളമായ ഘോഷയാത്ര എന്നിവ മാർച്ച് 29 ന് നടത്തുന്നതിന് യോഗത്തിൽ തീരുമാനിച്ചു. തൃത്താല,, പട്ടാമ്പി, ഒറ്റപ്പാലം ബ്ലോക്കിൽ നിന്നുള്ള എല്ലാ ചെയർപേഴ്സൻമാരും,അക്കൗണ്ടന്റുമാരും സജീവമായി പങ്കെടുക്കണമെന്നും മെമ്പർ സെക്രട്ടറിമാരുടെയും പങ്കാളിത്തം ഉറപ്പു വരുത്തണമെന്നും ഡി.എം.സി അറിയിച്ചു. മറ്റു ബ്ലോക്കുകളിൽ നിന്നും ആനുപാതികമായി അംഗങ്ങൾ പങ്കെടുക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വേനലവധിയായതിനാൽ ബാലസഭാ കുട്ടികൾ സരസ് മേളയിൽ പങ്കെടുക്കണമെന്നും എല്ലാ ദിവസവും ഓരോ ബ്ലോക്കിനും ചാർജ്ജ് നൽകുകയും അതിൽ സി.ഡി.എസ്സ് അംഗങ്ങ ൾ, അക്കൗണ്ടന്റുമാർ, മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കണമെന്ന് യോഗത്തിൽ തീരുമാനിച്ചു.

രജിസ്ട്രേഷൻ, താമസ സൗകര്യം, സ്റ്റാൾ മാനേജ്മെന്റ് എന്നീ പ്രധാന കാര്യങ്ങൾക്ക് മുഴുവൻ ടീമും ഉൾപ്പെടേണ്ടതാണ്. സാംസ്കാരിക സായാഹ്നം എല്ലാ ദിവസവും വൈകീട്ട് 5 മുതൽ 10 വരെ നടത്തുന്നതിന് തീരുമാനിച്ചു. ഓരോ ദിവസവും പ്രധാന വ്യക്തികളെ ആദരിക്കൽ, മുഖ്യാതിഥി, കാലിക വിഷയത്തെ സംബന്ധിച്ച പ്രഭാഷണം എന്നിവ നടത്തും.

സംഘാടക സമിതിയുടെ ഓഫീസ് ഉൽഘാടനം 17.03.2018 ന് പട്ടാമ്പിയിൽ നടക്കുമെന്നും യോഗത്തിൽ അറിയിച്ചു. സരസ് മേളയുടെ

ഭാഗമായി സിനിമാ തിയറ്ററുകളിൽ സ്ലൈഡ് ഷോ, ഷോർട്ട് ഫിലീം, ഫ്ളാഷ് മോബ്,കൂട്ടയോട്ടം എന്നിവ നടത്തുന്നുണ്ടെന്നും യോഗത്തിൽ അറിയിച്ചു.

240 സ്കൂളുകളിലായി താമസസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും , പകുതി സംസ്ഥാനത്തിനകത്തുള്ളവർക്കും ബാക്കി പകുതി പുറത്തുള്ളവർക്കുമായാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. പരമാവധി ഗ്രൂപ്പുകളെ ജില്ലയിൽ നിന്നും പങ്കെടുപ്പിക്കണമെന്നും യോഗത്തിൽ അറിയിച്ചു. ജില്ലയിലെ സരസ് മേള ഏറെ വ്യത്യസ്തത നിറഞ്ഞതും പരമാവധി വർണ്ണാഭമാക്കുന്നതിനും ഏവരുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ ഉണ്ടാവണമെന്ന് ഡി.എം.സി ഓർമ്മിപ്പിച്ചു.

നീതം 2018 ന്റെ റിപ്പോർട്ട് ഇനിയും ലഭിക്കുവാനുണ്ട്. നീതം കാമ്പയിന്റെ ആർ.പി മാർക്കുള്ള ഹോണറേറിയം, യാത്രാചെലവ് എന്നിവ ബില്ല് കൃത്യമായി ജില്ലാമിഷനിൽ എത്തിച്ച ശേഷം മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് യോഗത്തിൽ അറിയിച്ചു. കുത്തനൂർ, പൊൽപുള്ളി, പെരുമാട്ടി എന്നീ സി.ഡി.എസ്സുകളുടെ നീതം കാമ്പയിൻ അപ്ഡേഷൻ കഴിയാത്ത സോഫ്റ്റ് വെയർ ഇഷ്യൂ പരിഹരിച്ചിട്ടുണ്ടെന്ന് ഡി.പി.എം. അസ്മിയ അറിയിച്ചു. ജെന്റർ റിസോഴ്സ് സെന്ററിന് അഡൈ്വസറി കമ്മിറ്റി വേണമെന്നും യോഗത്തിൽ അറിയിച്ചു.

കുട്ടികളുടെ പരീക്ഷാപേടി മാറ്റുന്നതിനായി സ്നേഹിത കൗൺസിലിംഗ് സെന്ററിന്റെ സേവനം ഉപയോഗപ്പെടുത്താമെന്ന് ഡി.എം.സി അറിയിച്ചു. ടോൾ ഫ്രീ നമ്പർ യോഗത്തിൽ ഒന്നു കൂടെ വായിച്ച് ഓർമ്മിപ്പിച്ചു.

ചെയ്ത കാര്യങ്ങൾ പുന: പരിശോധിക്കുക, ജില്ലാ മിഷനിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ പൂർണ്ണമായും വ്യക്തമായും നൽകണമെന്ന് സി.ഡി.എസ്സ് ചെയർപേഴ്സൻമാരോട് ഡി.എം.സി ആവശ്യപ്പെട്ടു. ജില്ലാ പഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ രേഖകൾ യഥാസമയത്ത് ജില്ലാ മിഷനിൽ എത്തിക്കേണ്ടതാണ്. പരിപാടികൾ നടത്തിയതിന്റെ ക്ലെയിം ജില്ലാ മിഷനിൽ സമർപ്പിക്കാത്തവർ 18ാം തിയ്യതിക്കകം ജില്ലാ മിഷനിൽ സമർപ്പിക്കണെന്ന് ഡി.എം.സി. ഓർമ്മിപ്പിച്ചു. കരാർ ജോലിക്കാരായ അക്കൗണ്ടന്റുമാരുടെ ഇൻക്രീമെന്റിനായി അക്കൗണ്ടന്റ് അപ്രൈസൽ ഫോം ഉടനെ ജില്ലാ മിഷനിൽ എത്തിക്കേണ്ടതാണെന്ന് യോഗത്തിൽ അറിയിച്ചു.

ടി.ബി.എം.ഐ.എസ്സ്, എൻ.ആർ.എൽ.എം എം,ഐ.എസ്സ്, കുടുംബശ്രീ എം.ഐ.എസ്സ് എന്നിവയിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം ഏപ്രിൽ ഒന്നിനു

മുമ്പ് തുല്യമാക്കണമെന്ന് യോഗത്തിൽ അറിയിച്ചു. ആശ്രയ വിവരങ്ങൾ എം.ഐ,എസ്സിൽ മുഴുവനാക്കുന്നതിനും ലിങ്ക് ചെയ്യാത്ത അയൽക്കൂട്ടങ്ങൾ എത്രയും പെട്ടെന്ന് ലിങ്ക് ചെയ്ത് 100% ലിങ്കേജ് ഉറപ്പാക്കുന്നതിനും അക്കൗണ്ടന്റുമാരെ ചുമതലപ്പെടുത്തി. ഇന്ററസ്റ്റ് സബ്സിഡി കോ-ഓപ്പറേറ്റിവ് ബാങ്കിലുള്ളവയുടെ ക്ലെയിം ഉടനേ തരണമെന്നും യോഗത്തിൽ തീരുമാനിച്ചു. ജെ.എൽ.ജി ലിങ്കേജ് ആനുപാതികമായി കൂടണമെന്നും യോഗത്തിൽ ഡി.എം.സി ഓർമ്മിപ്പിച്ചു.

അഗതി രഹിത കേരളത്തിന്റെ ഭാഗമായുള്ള മെഡിക്കൽ ക്യാമ്പ് ഇനിയും നടത്താത്ത സി.ഡി.എസ്സുകളുടെ കാരണം അന്വേഷിക്കുകയും ഉടനേ തന്നെ നടത്തുന്നതിനുള്ള കർശന നിർദ്ദേശം നൽകുകയും ചെയ്തു. വെരിഫിക്കേഷൻ ആരംഭിക്കാത്ത സി.ഡി.എസ്സുകളായ പുതൂർ,ഷോളയൂർ, പട്ടഞ്ചേരി, മുതലമട, മലമ്പുഴ, കാഞ്ഞിരപ്പുഴ, തെങ്കര, പട്ടാമ്പി, കരിമ്പുഴ, ആനക്കര, ചാലിശ്ശേരി, കപ്പൂർ എന്നിവർ എത്രയും പെട്ടെന്ന് വെരിഫിക്കേഷൻ ആരംഭിക്കണമെന്ന് യോഗത്തിൽ ഡി.എം.സി നിർദ്ദേശിച്ചു.

പുതിയ ബഡ്സ് സ്കൂൾ ഈ വർഷം ആരംഭിച്ച് ക്ലാസ്സുകൾ തുടങ്ങിയ തൃത്താല, പരുതൂർ, വിളയൂർ, ചെർപ്പുളശ്ശേരി, കടമ്പഴിപ്പുറം, അകത്തേത്തറ , എലപ്പുള്ളി, എരുത്തേൻപതി, കണ്ണമ്പ്ര, വല്ലപ്പുഴ, കുലുക്കല്ലൂർ എന്നീ സി.ഡി.എസ്സുകളുടെ പേരുകൾ ഡി.എം.സി മറ്റു സി.ഡി.എസ്സുകളുടെ പ്രചോദനത്തിനായി വായിച്ചു.

നാടറിയാൻ പുസ്തകം എത്തിക്കാത്ത സി.ഡി.എസ്സുകളായ പിരായിരി, തച്ചനാട്ടുകര എന്നിവർ എത്രയും പെട്ടെന്ന് ജില്ലാ മിഷനിൽ എത്തിക്കണമെന്ന് എസ്.ഡി. ഡി.പി.എം ശ്രീ.ഡാൻ അറിയിച്ചു. എം.ഐ.എസ്സിൽ ബാലസഭകളുടെ എണ്ണം ഡാറ്റാ ചെയ്യാത്തവർ നാളെത്തന്നെ അപ്ഡേറ്റ് ചെയ്യണമെന്നും യോഗത്തിൽ അറിയിച്ചു.

ഭക്ഷ്യ സുരക്ഷാ ഭവനത്തിന്റെ ഭാഗമായുള്ള വിത്ത് വിതരണത്തിൽ എല്ലാ വാർഡുകളിലും എത്തിയിട്ടുണ്ടോ എന്ന് യോഗത്തിൽ പ്രത്യേകം വിശകലനം ചെയ്തു. മുഴുവൻ വാർഡുകളിലും എത്താത്ത സി.ഡി.എസ്സുകൾ നിർബന്ധമായും 2 ദിവസത്തിനകം ഇത് മുഴുമിപ്പിക്കേണ്ടതാണെന്നും ബ്ലോക്ക് കോ ഓർഡിനേറ്റർമാർ ഇത് പരിശോധിക്കേണ്ടതാണെന്നും ഡി.എം.സി അറിയിച്ചു. നാട്ടു ചന്തകൾ 2 സി.ഡി.എസ്സുകളിൽ മാത്രമാണ് സജീവമായിട്ടുള്ളത്, എന്നാൽ നെന്മാറ, വടക്കഞ്ചേരി, പുതുനഗരം, ചിറ്റൂർ, കോങ്ങാട്, പുതുപ്പരിയാരം, കടമ്പഴിപ്പുറം, ലക്കിടി പേരൂർ, പട്ടിത്തറ,ഷൊർണ്ണൂർ, അലനല്ലൂർ, കരിമ്പ, പെരുമാട്ടി,

വണ്ടാഴി,കൊല്ലങ്കോട്, വടവന്നൂർ, കണ്ണമ്പ്ര, പാലക്കാട് മുനിസിപ്പാലിറ്റി, മുണ്ടൂർ എന്നിവിടങ്ങളിൽ ഈ മാസവും അടുത്ത മാസം ആദ്യത്തെ ആഴ്ചയുമായി ആരംഭിക്കുമെന്ന് ഓരോ സി.ഡി.എസ്സ് ചെയർപേഴ്സനും എ.ഡി.എം.സി ശ്രീമതി. ഹാരിഫ ബീഗത്തിന്റെ ചോദ്യത്തിന് ഉറപ്പു നൽകി.

ആഴ്ചചന്ത പുതുനഗരം, കോങ്ങാട്, പട്ടിത്തറ, കരിമ്പ, വടവന്നൂർ, പാലക്കാട് എന്നിവിടങ്ങളിലും ഏപ്രിൽ ആദ്യവാരത്തോടെ പ്രവർത്തനം ആരംഭിക്കുമെന്ന് യോഗത്തിൽ ഉറപ്പിച്ചു. എല്ലാ ആഴ്ചയിലും 2 ദിവസങ്ങളിലായി ചന്ത നടത്തണമെന്നും 500 കി.ഗ്രാം പച്ചക്കറി ചന്തയിൽ ഉണ്ടായിരിക്കണമെന്നും യോഗത്തിൽ എ.ഡി.എം.സി അറിയിച്ചു. ഭക്ഷ്യ സുരക്ഷാ ഭവനത്തിന്റെ ഭാഗമായ വിത്തു വിതരണം മുഴുവൻ നടത്തണമെന്നും യോഗത്തിൽ അറിയിച്ചു. കരിമ്പുഴ, നെന്മാറ,, പട്ടാമ്പി എന്നിവിടങ്ങളിലെ വിത്തു വിതരണം ത്വരിതവൽക്കരിക്കണമെന്ന് എ.ഡി.എം. സി നിർദ്ധേശിച്ചു.

പുതിയതായി നാട്ടുചന്ത നടത്തുന്നതിന് ആഗ്രഹമുണ്ടെന്ന് വല്ലപ്പുഴ സി.ഡി.എസ്സ് മെമ്പർ സെക്രട്ടറി അറിയിച്ചു. അന്വേഷിച്ച് എത്രയും പെട്ടെന്ന് തീരുമാനിക്കാമെന്ന് ഡി.എം.സി അറിയിച്ചു.

ഹരിതകർമ്മ സേനയുമായി ബന്ധപ്പെട്ട് 82 സി.ഡി.എസ്സുകളുടെ പരിശീലനം പൂർത്തിയായെന്ന് എ.ഡി.എം.സി ശ്രീ.ദിനേശ് അറിയിച്ചു. ക്ലൈം സെറ്റിൽ ചെയ്യുന്നതിനായി ലിസ്റ്റ് നാളെത്തന്നെ ജില്ലാ മിഷനിൽ എത്തിക്കുന്നതിനും എല്ലാ സി.ഡി.എസ്സിനും അദ്ദേഹം നിർദ്ദേശം നൽകി.

ജില്ലാ, ബ്ലോക്ക്,പഞ്ചായത്ത് തല പദ്ധതികൾ ഏപ്രിൽ 5നകം മുഴുമിപ്പിക്കേണ്ടതാണെന്നും അതിനുള്ള പ്രോജക്റ്റ് പ്രൊപ്പോസൽ ഉടൻ തന്നെ ജില്ലാ മിഷനിലേക്ക് ഇ–മെയിൽ ആയോ നേരിട്ടോ എത്തിക്കേണ്ടതാണെന്നും എ.ഡി.എം.സി ശ്രീ. പ്രേംദാസ്.എസ്.വി അറിയിച്ചു. പരമാവധി പ്രോജക്റ്റുകൾ സംയോജിപ്പിക്കുന്നതിന് ശ്രമിക്കണമെന്ന് യോഗത്തിൽ അറിയിച്ചു.

നിലവിൽ ലിങ്കേജ് ലോൺ ഇല്ലാത്ത അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് നാളെ തന്നെ സ്പ്രെഡ് ഷീറ്റ് അയച്ചതിൽ അപ്ഡേറ്റ് ചെയ്യാത്ത സി.ഡി.എസ്സുകൾ ചെയ്യേണ്ടതാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഈ മാസം 20 നു മുമ്പ് ലിങ്കേജ് മേള നടത്തണമെന്ന് എ.ഡി.എം.സി ഓർമ്മിപ്പിച്ചു. ലൈവ് ലിങ്കേജ് ഇല്ലാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം കൂടുതലുള്ള സി.ഡി.എസ്സുകളായ ഒറ്റപ്പാലം, കടമ്പഴിപ്പുറം,അലനല്ലൂർ, കോട്ടോപ്പാടം, കേരളശ്ശേരി, പിരായിരി,

കൊഴിഞ്ഞാമ്പാറ, ചിറ്റൂർ എന്നിവർ ഉടൻ തന്നെ ലിങ്കേജ് മേള നടത്തി 100% ലിങ്കേജ് ഉറപ്പാക്കണമെന്ന് യോഗത്തിൽ തീരുമാനിച്ചു. മാർച്ച് 22 നുള്ളിൽ 100% ലിങ്കേജ് ജില്ലയിൽ ഉറപ്പാക്കണമെന്നും ഇതിനായി എല്ലാ സി.ഡി.എസ്സ് അക്കൗണ്ടന്റുമാരും പ്രവർത്തിക്കണമെന്നും യോഗത്തിൽ അദ്ദേഹം കൂട്ടിച്ചേർത്തു. മാഗസിൻ സബ്സ്ക്രിപ്ഷൻ ലിസ്റ്റ് പറഞ്ഞ ഫോർമാറ്റിൽ തരാത്ത കരിമ്പുഴ,അമ്പലപ്പാറ, തെങ്കര, പറളി, പുതുപ്പരിയാരം, പല്ലശ്ശന, തേങ്കുറിശ്ശി, കോട്ടായി, കടമ്പഴിപ്പുറം എന്നീ സി.ഡി.എസ്സുകൾ നാളെ ഉച്ചയ്ക്ക് മുമ്പു തന്നെ അയച്ചു തരേണ്ടതാണെന്ന് യോഗത്തിൽ നിർദ്ദേശിച്ചു.

എൻ.ആർ.എൽ.എം. എം.ഐ.എസ്സ് പ്രൊഫൈൽ ക്രിയേഷൻ 96 ശതമാനമുള്ളത് ഉടനെ തന്നെ 100 ശതമാനമാക്കുകയും ഒരുപാടു പുറകിലുള്ള മണ്ണാർക്കാട്, നെന്മാറ ബ്ലോക്കുകൾ 2 ദിവസത്തിനുള്ളിൽ മുഴുമിപ്പിക്കണമെന്നും യോഗത്തിൽ അറിയിച്ചു. ആശ്രയ ഡാറ്റാ എൻട്രി മാർച്ച് 19 നുള്ളിൽ തീർക്കണമെന്നും യോഗത്തിൽ തീരുമാനിച്ചു.

ജില്ലാ പഞ്ചായത്ത് പ്രോജക്റ്റിനാവശ്യമായ രേഖകൾ എത്രയും പെട്ടെന്ന് സമർപ്പിക്കണമെന്ന് യോഗത്തിൽ നിർദ്ദേശിച്ചു.ആർ.എസ്.ബി.വൈ മൊബിലൈസേഷൻ കുറവായ സി.ഡി.എസ്സുകളായ തച്ചമ്പാറ, മലമ്പുഴ, പരുതൂർ, മണ്ണാർക്കാട് എത്രയും വേഗം പൂർത്തിയാക്കണമെന്ന് ഡി.എം.സി നിർദ്ദേശിച്ചു.

നന്ദി പറഞ്ഞ് യോഗം 3.45 ന് അവസാനിച്ചു.

***************************